ഇൻഡ്യൻ നിർമ്മിത വിദേശമദ്യഷാപ്പുകളുടെ ലേലത്തുക

70 (404) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പത്തുവർഷത്തിൽ ഓരോ വർഷവും ഇൻഡ്യൻ നിർമ്മിത വിദേശ മദ്യഷാപ്പുകളുടെ ലേലത്തുക എത്രവീതമായിരുന്നു;

(ബി) ഇതിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക ഇപ്പോൾ എത്രയാണ്;

(സി) ഇതിൽ ഇക്കഴിഞ്ഞ പത്തുവർഷത്തിലെ ഓരോ വർഷത്തെയും കുടിശ്ശികയും പലിശയും എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇക്കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും ഇന്ത്യൻ നിർമ്മിത വിദേശ മദ്യഷാപ്പുകൾ ലേലം കൊണ്ടവർക്ക് ഓരോ വർഷവും ഇളവു നൽകിയ തുക എത്രവീതമാണ്?

ഉത്തരം

(എ)	1991-92	16,41,87,446
	1992-93	18,67,56,355
	1993-94	23,82,83,930
	1994-95	25,60,99,034
	1995-96	39,78,88,555
	1996-97	78,79,77,420
	1997-98	1,23,70,65,214
	1998-99	1,11,91,79,770
	1999-2000	1,31,65,10,136
	2000-2001	1,46,47,53,353

(ബി)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

കള്ളുഷാപ്പുകളുടെ ലേലം

71 (405) ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവന്തപുരം എക്സൈസ് റെയിഞ്ചിലെ കള്ളുഷാപ്പുകൾ ഈ വർഷം ലേലം പിടച്ചത് ആരാണ്;

(ബി) ഈ റെയ്ഞ്ചിൽ എത്ര കള്ളുഷാപ്പുകൾ ഉണ്ട്;

(സി) എന്തു തുകയ്ക്കാണ് ഈ റേയ്ഞ്ച് ലേലത്തിൽ പിടിച്ചത്;

(ഡി) ഈ തുകയിൽ എന്ത് തുക ലേലസമയത്ത് കെട്ടിവച്ചു; ബാക്കി തുക എത്രവീതം എന്നെല്ലാമാണ് അടയ്ക്കേണ്ടിയിരുന്നത്; ഈ തുക നിശ്ചിത തീയതിയിൽ അടച്ചുവോ;

(ഇ) ഈ തുക നിശ്ചിത തീയതിക്കകം അടയ്ക്കാത്തപക്ഷം സ്വീകരിക്കേണ്ട നടപടിക്രമം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly